**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2646** **02-08-2021 - ൽ മറുപടിയ്ക്ക്**

**പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ പ്രകൃതി ദുരന്തങ്ങൾ കാരണം കഷ്ടത അനുഭവിച്ചവർക്ക് എത്ര തുക നഷ്ടപരിഹാരമായി നൽകാൻ സാധിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകളിന്മേലാണ് പ്രസ്തുത തുക അനുവദിച്ചതെന്നും അറിയിക്കാമോ; | (എ) | പ്രകൃതി ദുരന്ത ധനസഹായം നൽകുന്നതിന്റെ വിവരങ്ങൾ മണ്ഡലാടിസ്ഥാനത്തിൽ നിലവിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുകയാണ്. |
| (ബി) | വീടിന്റെ സുരക്ഷയ്ക്ക് കെട്ടിയ മതിലുകൾ, റീ-ടെയിനിംഗ് വാളുകൾ എന്നിവ കനത്ത മഴയിൽ തകർന്ന്, വീടിനു കനത്ത ഭീഷണി നേരിട്ടവർക്ക് നഷ്ടപരിഹാരം നൽകാൻ സാധിക്കുമോ; എങ്കിൽ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (ബി) | വീടിന്റെ സുരക്ഷയ്ക്ക് കെട്ടിയ മതിലുകൾ, റീ-ടെയിനിംഗ് വാളുകൾ എന്നിവ മഴയിൽ തകർന്നതിന് സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡ പ്രകാരം ധനസഹായം വിതരണം ചെയ്യുവാൻ സാധിക്കുകയില്ല. |
| (സി) | ഉയർന്ന പ്രദേശങ്ങളിൽ സംഭവിക്കുന്ന ഇത്തരം അപകടങ്ങൾക്ക് നഷ്ടപരിഹാരം നൽകാനുള്ള പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | വീടിന്റെ സുരക്ഷയ്ക്ക് കെട്ടിയ മതിലുകൾ, റീ-ടെയിനിംഗ് വാളുകൾ എന്നിവ മഴയിൽ തകർന്നതിന് സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡ പ്രകാരം ധനസഹായം വിതരണം ചെയ്യുവാൻ സാധിക്കുകയില്ല. |
| (ഡി) | പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട നാശനഷ്ടക്കണക്ക് തയ്യാറാക്കുന്നതിനായി ഏതൊക്കെ സാങ്കേതിക വിഭാഗങ്ങൾക്കാണ് കൈമാറുന്നത് എന്നറിയിക്കാമോ? | (ഡി) | നാശനഷ്ട കണക്ക് തയ്യാറാക്കാൻ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന എഞ്ചിനീയർമാർക്കാണ് കൈമാറുന്നത്. |

സെക്ഷൻ ഓഫീസർ